**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4361** **01-07-2024 - ൽ മറുപടിയ്ക്ക്**

**എരിമയൂർ പഞ്ചായത്തിലെ ചുള്ളിമടപാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തിയിൽപ്പെട്ട എരിമയൂർ പഞ്ചായത്തിലെ ചുള്ളിമടപാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | 31/10/2016-ലെ G.O (Rt) No. 1496/2016/PWD ഉത്തരവ് പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച ചുള്ളിമട പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് 26/05/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 9.78 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിരുന്നു. തുടർന്ന് 11/10/2019-ലെ ഉത്തരവ് പ്രകാരം 9.78 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി 20/05/2020-ലെ കരാർ ഉടമ്പടി പ്രകാരം 9.45 കോടി രൂപയ്ക്ക് കരാർ നൽകി പുരോഗമിച്ചു വരുന്ന നിർമ്മാണ പ്രവൃത്തി നിലവിൽ 92 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. പാലത്തിന്റെ കോൺക്രീറ്റ് പ്രവൃത്തികളും അപ്രോച്ച് റോഡുകളുടെ സംരക്ഷണഭിത്തിയുടെ നിർമ്മാണവും വെറ്റ് മിക്സ് മെക്കാഡം ലെവൽ വരെയുള്ള ഫില്ലിംഗ് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. ടാറിംഗ്, പെയിന്റിംഗ് പോലുള്ള ഫിനിഷിംഗ് പ്രവൃത്തികളും, ഡ്രെയിനേജ് നിർമ്മാണവുമാണ് ഇനി പൂർത്തീകരിക്കുവാൻ ഉള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രദേശവാസികൾ സ്വമേധയാ സൗജന്യമായി വിട്ടുതന്ന സ്ഥലത്താണ് നിർമ്മാണ പ്രവൃത്തികൾ നടത്തിയിരുന്നത്. എന്നാൽ ഡ്രെയിനേജ് നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടു നൽകുവാൻ ഭൂവുടമകൾ തയ്യാറാകാത്ത സാഹചര്യം നിലവിലുണ്ട്. വെള്ളക്കെട്ട് ഒഴിവാക്കുവാൻ അനിവാര്യമായ ഡ്രെയിനേജ് നിർമ്മാണം പൂർത്തീകരിച്ച ശേഷം ടാറിംഗ് പ്രവൃത്തികൾ ആരംഭിക്കുന്നതാണെന്നും, ഇതിനായുള്ള സ്ഥലം ലഭ്യമാക്കുന്നതിനായി KRFB ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഇടപെട്ട് ഭൂവുടമകളുമായി ചർച്ചകൾ നടത്തി വരികയാണെന്നും KRFB മലപ്പുറം-പാലക്കാട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ |

| | | | |
|---|---|---|---|
| | | | പൂർത്തീകരണ കാലാവധി 31/08/2024 വരെ നീട്ടി നൽകുന്നതിന് അഭ്യർത്ഥിച്ച കൊണ്ട് ലഭിച്ച അപേക്ഷ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ